പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 15.06.2012 ൽ

ചോദ്യം നമ്പർ.1225 | മറുപടി നല്കേണ്ടിയിരുന്നത്

## തൊഴിലുറപ്പു പദ്ധതി

ചോദ്യം | ഉത്തരം

**ശ്രീമതി. കെ. എസ്. സലീഖ**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
**സാംസ്കാരികവും നോർക്കയും
വകുപ്പു മന്ത്രി)**

I. സംസ്ഥാനത്ത് എത്ര പേർ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് സ്ത്രീകൾ, പുരുഷൻമാർ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

I.

| ക്രമ നം | ജില്ല | 08.06.2012 വരെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ആകെ | | |
|---|---|---|---|---|
| | | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | ആലപ്പുഴ | 149575 | 230865 | 380440 |
| 2 | എറണാകുളം | 82419 | 150862 | 233281 |
| 3 | ഇടുക്കി | 94221 | 130099 | 224320 |
| 4 | കണ്ണൂർ | 50329 | 119377 | 169706 |
| 5 | കാസർഗോഡ് | 35901 | 73923 | 109824 |
| 6 | കൊല്ലം | 105426 | 184856 | 290282 |
| 7 | കോട്ടയം | 75756 | 126231 | 201987 |
| 8 | കോഴിക്കോട് | 109277 | 183445 | 292722 |
| 9 | മലപ്പുറം | 117383 | 173745 | 291128 |
| 10 | പാലക്കാട് | 47981 | 179390 | 227371 |
| 11 | പത്തനംതിട്ട | 53537 | 93833 | 147370 |
| 12 | തിരുവനന്തപുരം | 129960 | 261293 | 391253 |
| 13 | തൃശ്ശൂർ | 27596 | 121906 | 149502 |
| 14 | വയനാട് | 69405 | 88553 | 157958 |
| | ആകെ | 1148766 | 2118378 | 3267144 |

m]. ശരാശരി ഒരംഗത്തിന് പ്രതിവർഷം എത്ര ദിവസം ജോലി ലഭിക്കും എന്ന് വ്യക്തമാക്കുമോ ;

m]. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിൽ കുടുംബങ്ങൾക്ക് ശരാശരി താഴെപ്പറയും വിധം തൊഴിൽ നൽകിയിട്ടുണ്ട്.

| വർഷം | ലഭ്യമാക്കിയ ശരാശരി തൊഴിൽ ദിനങ്ങൾ |
|---|---|
| 2006-07 | 21 |
| 2007-08 | 33 |
| 2008-09 | 22 |
| 2009-10 | 36 |
| 2010-11 | 42 |
| 2011-12 | 45 |

സി. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രതിദിനം നൽകുന്ന വേതനം എത്രയെന്ന് വ്യക്തമാക്കുമോ ;

സി. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രതിദിനം നൽകുന്ന വേതനം 164/- രൂപയാണ്.

ഡി തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2011-12-ൽ കേന്ദ്രത്തിൽ നിന്നും കിട്ടിയ ഗ്രാന്റും, 2012-13 -ൽ കിട്ടിയ ഗ്രാന്റും എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

ഡി. 2011-12 ൽ ലഭ്യമായ കേന്ദ്രവിഹിതം - 95105.43 ലക്ഷം രൂപ . 2012-13 ൽ ഇതേ വരെ (12.06.12) കേന്ദ്ര വിഹിതമായി 438.12 കോടി രൂപ അനുവദി ച്ചിട്ടുണ്ട്.

ഇ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വ്യാപകമായ പണാപഹരണ ആരോപണങ്ങൾ ഉയർന്നു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

ഇ. വ്യാപകമായി പണാപഹരണം നടക്കുന്നതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ലഭ്യമായ പരാതികളിൽ അന്വേഷണം നടത്തുകയും കുറ്റക്കാരെന്നു കണ്ടെത്തിയവരിൽ നിന്നും പണം തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എഫ്. പ്രസ്തുത പദ്ധതിയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം ജോലി സമയത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

എഫ് തൊഴിൽ സമയത്തിൽ മാറ്റം വരുത്തുവാനുളള നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. നിലവിൽ ഇതു സംബന്ധിച്ച തീരുമാനങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

ജി. പ്രസ്തുത പദ്ധതിയിൽ നിന്നും ഏതു പ്രകാരമുളള നിർമ്മാണങ്ങളും, ജോലികളുമാണ് നിരോധി ച്ചിട്ടുളളത് വ്യക്തമാക്കുമോ ;

ജി. 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക I പാരാ 1 ൽ പരാമർശിക്കുന്ന പ്രവൃത്തികൾ അല്ലാതെ മറ്റു പ്രവൃത്തികളൊന്നും പദ്ധതിയിൽ ഏറ്റെടുക്കുവാൻ അനുവാദം ഇല്ല.

എച്ച്. നിലവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്തവരുടെ വേതനം കൃത്യമായി നൽകിയിട്ടുണ്ടോ ;

എച്ച്. വേതനം കൃത്യമായി നൽകുന്നതിന് നിയമം അനുശാസിക്കും പ്രകാരമുളള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നിരുന്നാലും ചില പ്രദേശങ്ങളിൽ വേതനം നിശ്ചിതകാലയളവിൽ നൽകുന്നതിന് സാധിച്ചിട്ടില്ല.

ഐ. ഇല്ലെങ്കിൽ എത്ര തൊഴിലാളികൾക്കാണ് ഇനി വേതനം ലഭിക്കാനുളളതെന്നും; ആയതിലേയ്ക്ക് വേണ്ട തുക എത്ര യെന്നും ആയത് നൽകുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണങ്ങളും വിശദമാക്കുമോ ?

ഐ. 2012-13 സാമ്പത്തിക വർഷം തുടക്കത്തിൽ, 138999 തൊഴിലാളികൾക്ക് 2505.82 ലക്ഷം രൂപ വേതന കുടിശ്ശിക നൽകാനുണ്ടായിരുന്നു. കേന്ദ്രസർക്കാരിൽ നിന്നും പ്രോഗ്രാം ഫണ്ട് ലഭിക്കുന്നതിലുണ്ടായ കാലതാമസം മൂലമാണ് വേതന വിതരണം വൈകിയത്. പ്രോഗ്രാം ഫണ്ടിന്റെ ആദ്യഗഡു കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചതിനെ തുടർന്ന് വേതന വിതരണത്തിനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ